# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 393 – 04/02/2020 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

ചോദ്യം

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

ശ്രീ.മഞ്ഞളാംകുഴി അലി

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ കടമെടുപ്പ് പരിധി എത്ര ശതമാനമാണ്; ഇത് എത്ര ശതമാനമായി ഉയർത്തണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത്; ഇതിന് കേന്ദ്ര സർക്കാർ അനുമതി നൽകാത്തതിന് കാരണം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കാമോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3% മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവസമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 4.5% ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ചിട്ടുള്ള വായ്പ 2019-20 ലെ കടമെടുപ്പ് പരിധിയായ 24,915/- കോടി രൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. ഇത് പ്രളയനന്തര പുനർനിർമ്മാണങ്ങളേയും വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915/- കോടി രൂപയിൽ നിലനിറുത്തണമെന്ന് |

| | | |
|---|---|---|
| | | കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. |
| (ബി) | കടമെടുപ്പ് പരിധി ഉയർത്തുന്നത് വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് എന്തെല്ലാം പ്രതികൂലാവസ്ഥ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | സംസ്ഥാനത്തിന്റെ പ്രളയനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വൻതോതിലുള്ള വിഭവസമാഹരണം നടത്തേണ്ടതുണ്ട് എന്നാൽ നോട്ട് നിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തന ങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കും കടമെടുപ്പ് പരിധി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. |
| (സി) | സാമ്പത്തിക അച്ചടക്കം പാലിക്കാതെയും ധൂർത്ത് നിയന്ത്രിക്കാതെയും കടം വാങ്ങുന്നതിനുള്ള പരിധി ഉയർത്തുന്നത് സംസ്ഥാനത്തിന്റെ ഭാവി വികസനത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ച് വരുന്നത്.<br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നത് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം ആക്റ്റ് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടി ആകുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | കേന്ദ്രത്തിന്റെ അനുകൂല പ്രതികരണം ലഭിക്കാത്ത സാഹചര്യത്തിൽ എന്ത് ബദൽ മാർഗ്ഗമാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**